ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. യുവാക്കൾക്ക് നൈപുണ്യ വികസനത്തിൽ പരിശീലനം നൽകേണ്ടത് അനിവാര്യമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

   **The Vice President Jagdeep Dhankar has said that it is important to provide training in skill development to the youth.**

2. ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിച്ച് പരസ്പരം കരുത്ത് പകരണമെന്ന് ഗ്ലോബൽ സൗത്ത് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has called on the nations of the Global South to stand united in one voice to become each other's strength.**

3. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കമ്മിറ്റി രൂപീകരിക്കുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. പൊതുതാൽപ്പര്യം കണക്കിലെടുത്ത് ഡോക്ടർമാർ ജോലിയിൽ നിന്ന് വിട്ടുനിൽക്കരുതെന്നും മന്ത്രാലയം.

   **The Union Health Ministry said a committee will be formed to suggest measures for ensuring the safety of healthcare professionals. The centre also urged them to resume their duty in view of public interest.**

4. പൗര കേന്ദ്രീകൃതമായ ആധുനിക നീതിന്യായ വ്യവസ്ഥയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് കേന്ദ്ര സഹമന്ത്രി അർജുൻ റാം മേഘ്വാൾ.

   **Union Minister for Law and Justice Arjun Ram Meghwal has said today citizen-centric, technology-driven modern legal system is the aim of Union Government.**

5. പാരിസ് പാരാലിമ്പിക്സിൻറെ ഉദ്ഘാടന ചടങ്ങിൽ മുൻ പാരാലിമ്പിക്സ് സ്വർണ മെഡൽ ജേതാവ് സുനിൽ അന്തിലും ഷോട്ട് പുട്ട് താരം ഭാഗ്യശ്രീ ജാദവും ഇന്ത്യൻ പതാകയേന്തും.
**Sumit Antil & Bhagyashree Jadhav to be India's flagbearers for opening ceremony of Paris Paralympics 2024.**

&&&&&&&&&&&&&&&&&&

## HEAD LINE – 1
## VP - AP VISIT

നിലവിലെ സാഹചര്യത്തിൽ യുവാക്കൾക്ക് നൈപുണ്യ വികസനത്തിൽ പരിശീലനം നൽകേണ്ടത് അനിവാര്യമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ആന്ധ്രാപ്രദേശിലെ നെല്ലൂരിൽ അക്ഷര വിദ്യാലയ ക്യാമ്പസും നൈപുണ്യ വികസന കേന്ദ്രവും സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏകദിന സന്ദർശനത്തിനായി നെല്ലൂരിൽ എത്തിയ ഉപരാഷ്ട്രപതി, വെങ്കിടാചലത്തിൽ നടക്കുന്ന സ്വർണ ഭാരത് ട്രസ്റ്റിന്റെ 23-ാം വാർഷികാഘോഷത്തിലും മുഖ്യാതിഥിയായി പങ്കെടുത്തു. ചടങ്ങിൽ മുൻ ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡുവും പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 2
## PM-GLOBAL SOUTH

ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിച്ച് പരസ്പരം കരുത്ത് പകരണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വ്യാപാരം, സമഗ്ര വികസനം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ, സ്ത്രീകൾ നയിക്കുന്ന വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രാജ്യത്തിൻറെ പ്രതിബദ്ധതയും പ്രധാനമന്ത്രി എടുത്തു പറഞ്ഞു. ആഗോളതലത്തിൽ നിലനിൽക്കുന്ന സംഘർഷ സാഹചര്യങ്ങളിൽ ശ്രീ. മോദി ആശങ്ക രേഖപ്പെടുത്തി. തീവ്രവാദം, വിഘടനവാദം തുടങ്ങിയവ സമൂഹത്തിന് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ടെന്നും ഇതിനെതിരെ ഐക്യത്തോടെ പ്രതികരിക്കണമെന്നും അദ്ദേഹം

പറഞ്ഞു. ഗ്ലോബൽ സൗത്ത് രാജ്യങ്ങൾ തമ്മിലുള്ള പങ്കാളിത്തത്തിൽ മികച്ച പുരോഗതി കൈവന്നിട്ടുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## EAM-GLOBAL SOUTH

നിർണായക സാങ്കേതിക വിദ്യകൾ, കുറഞ്ഞ ചെലവിലുള്ള ധനസഹായം എന്നിവയുടെ സുഗമമായ ലഭ്യതക്ക് ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്ത് നടക്കുന്ന വിവിധ സംഘർഷങ്ങൾ ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സ്വന്തം താൽപര്യങ്ങൾ പരസ്പരം പങ്കുവെക്കേണ്ടത് അത്യാവശ്യമാണെന്നും ശ്രീ.ജയ്ശങ്കർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## IRAQ-GLOBAL SOUTH SUMMIT

മൂന്നാം വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിക്ക് ആതിഥേയത്വം വഹിച്ചതിന് ഇന്ത്യയെ അഭിനന്ദിച്ച് ഇറാഖ്. 'സുസ്ഥിരമായ ഭാവിക്കായി ഗ്ലോബൽ സൗത്തിനെ ശാക്തീകരിക്കുക' എന്ന പ്രമേയത്തെ അധികരിച്ചു നടന്ന യോഗത്തിൽ ഇറാഖ് ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ഫുആദ് ഹുസൈൻ പങ്കെടുത്തു. ഇറാഖ് ഗ്ലോബൽ സൗത്തിൻ്റെ അവിഭാജ്യ ഘടകമായി തുടരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## IMA STRIKE

പശ്ചിമ ബംഗാൾ സർക്കാർ നിയന്ത്രണത്തിലുള്ള കൊൽക്കത്തയിലെ ആർ ജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വനിതാ റസിഡന്റ് ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധിച്ച് ഇന്ത്യൻ

മെഡിക്കൽ അസോസിയേഷന്റെ നേതൃത്വത്തിൽ 24 മണിക്കൂർ രാജ്യവ്യാപക പണിമുടക്ക് പുരോഗമിക്കുന്നു. സമര ആഹ്വാനത്തെത്തുടർന്ന്, പൊതു, സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നുള്ള കൂടുതൽ ഡോക്ടർമാർ പ്രതിഷേധത്തിൽ ചേർന്നു. അടിയന്തര സേവനം ഒഴികെയുള്ളവ പിൻവലിച്ചാണ് പണിമുടക്ക്. അത്യാഹിത വിഭാഗങ്ങളിലെ സേവനം തുടരുന്നുണ്ട്.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## HEALTH - DOCTOR COMMITTEE (INTRO)

ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കമ്മിറ്റി രൂപീകരിക്കുമെന്നും സംസ്ഥാന സർക്കാരുകൾക്ക് ഉൾപ്പെടെ ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാമെന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയം.
വിശദാംശങ്ങളിലേക്ക്.............

## HEALTH - DOCTOR COMMITTEE (VO)

കൊൽക്കത്തയിലെ ആർ ജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വനിതാ റസിഡന്റ് ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധിക്കുന്ന ഡോക്ടർമാരുടെ സുരക്ഷ ഉറപ്പാക്കാൻ സാധ്യമായതെല്ലാം ചെയ്യുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു. അതോടൊപ്പം പൊതുതാൽപ്പര്യം കണക്കിലെടുത്ത് ഡോക്ടർമാർ ജോലിയിൽ നിന്ന് വിട്ടുനിൽക്കരുതെന്നും മന്ത്രാലയം ആവശ്യപ്പെട്ടു. ഫെഡറേഷൻ ഓഫ് റസിഡൻ്റ് ഡോക്ടേഴ്സ് അസോസിയേഷൻ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, തുടങ്ങിയ വിവിധ അസോസിയേഷനുകളുടെ പ്രതിനിധികൾ ഡൽഹിയിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സന്ദർശിച്ചു. കൊൽക്കത്തയിലെ ആർജി കർ മെഡിക്കൽ കോളേജിലെ ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ സംബന്ധിച്ച ആശങ്ക അസോസിയേഷനുകൾ അറിയിക്കുകയും

തങ്ങളുടെ ആവശ്യങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്യു. 26 സംസ്ഥാനങ്ങൾ അതത് സംസ്ഥാനങ്ങളിലെ ആരോഗ്യ പ്രവർത്തകരുടെ സംരക്ഷണത്തിനായി ഇതിനകം നിയമനിർമ്മാണം നടത്തിയിട്ടുണ്ടെന്ന് മന്ത്രാലയം അറിയിച്ചു. രാജ്യത്ത് ഡെങ്കിപ്പനി, മലേറിയ കേസുകൾ വർധിക്കുന്ന സാഹചര്യത്തിൽ ഡ്യൂട്ടിയിൽ തിരികെ പ്രവേശിക്കണമെന്നും കേന്ദ്രം ഡോക്ടർമാരോട് ആവശ്യപ്പെട്ടു.

**ന്യൂസ് ഡെസ്ക് ആകാശവാണി...**

**&&&&&&&&&&&&&&&&&&**

**J AND K ELECTION SCHEDULE**

മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന ജമ്മുകശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രികാ സമർപ്പണം ചൊവ്വാഴ്ച ആരംഭിക്കും. ഫല പ്രഖ്യാപനം ഒക്ടോബർ നാലിനാണ്. സെപ്റ്റംബർ 18ന് നടക്കുന്ന ആദ്യഘട്ടത്തിൽ 24 സീറ്റുകളിലേക്കും സെപ്റ്റംബർ 25 ന് നടക്കുന്ന രണ്ടാം ഘട്ടത്തിൽ 26 സീറ്റുകളിലേക്കും തിരഞ്ഞെടുപ്പ് നടക്കും. അവസാന ഘട്ടമായ ഒക്ടോബർ ഒന്നിന് 40 സീറ്റുകളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുക. 90 സീറ്റുകളിൽ 74 എണ്ണം ജനറൽ സീറ്റുകളും ഏഴ് എണ്ണം പട്ടിക ജാതി സംവരണ സീറ്റുകളും ഒൻപത് എണ്ണം പട്ടികവർഗ സംവരണ സീറ്റുകളുമാണ്. അന്തിമ വോട്ടർപട്ടികയും ചൊവ്വാഴ്ച പ്രഖ്യാപിക്കും.

**&&&&&&&&&&&&&&&&&&**

**HEAD LINE – 4**

**ARJUN RAM MEGHWAL**

പൗര കേന്ദ്രീകൃതവും, സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടപ്പാക്കുന്ന ആധുനിക നീതിന്യായ വ്യവസ്ഥയുമാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് കേന്ദ്ര സഹമന്ത്രി അർജുൻ റാം മേഘ്വാൾ. കേരള ഹൈക്കോടതിയിൽ ആർബിട്രേഷൻ സെൻററിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു കേന്ദ്ര മന്ത്രി. ജനങ്ങൾക്ക് നീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള ക്രിമിനൽ നിയമങ്ങൾ

റദ്ദാക്കിയത്. അതിവേഗവും കാര്യക്ഷമവും ആയ നീതി നിർവഹണ വ്യവസ്ഥയ്ക്ക് രൂപം നൽകുന്നതിന് ആണ് സർക്കാർ പരിശ്രമിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആർബിട്രേഷൻ സെൻററിൻറെ വെബ്സൈറ്റ് ഉദ്ഘാടനവും ചടങ്ങിൽ നടന്നു.

&&&&&&&&&&&&&&&&&&

## CM - FARMER DAY

വയനാട്ടിലുണ്ടായ ദുരന്തത്തിൻറെ അടിസ്ഥാന കാരണം കാലാവസ്ഥാ വ്യതിയാനമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കർഷകദിനത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി. കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയിലുണ്ടാക്കുന്ന ആഘാതത്തെ കുറിച്ചും അത് മറികടക്കാനുള്ള പ്രവർത്തനങ്ങളെ കുറിച്ചുമാകണം ഈ ഘട്ടത്തിൽ പ്രധാനമായും നാം ചർച്ച ചെയ്യേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## UAE UPI (INTRO)

ആഗോള പേയ്മെൻ്റ് പ്ലാറ്റ്ഫോമായി യുപിഐയെ വ്യാപിപ്പിക്കുവാനുള്ള കേന്ദ്ര സർക്കാരിൻറെ ശ്രമങ്ങളുടെ ഫലമായി യുഎഇയിലും യുപിഐ പേയ്മെൻറുകൾ രൂപയിൽ സ്വീകരിച്ചു തുടങ്ങി.

ഒരു റിപ്പോർട്ട്..... (വോയ്സ്)

## UAE - UPI (VOICE)

യുഎഇ-ലെ വ്യാപാരികൾ ഇന്ത്യൻ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി യുപിഐ വഴിയുള്ള പേയ്മെൻ്റുകൾ രൂപയിൽ സ്വീകരിക്കാൻ തുടങ്ങി. ഇതിലൂടെ രാജ്യത്തിനകത്തെന്നപോലെ ഇന്ത്യൻ പൗരന്മാർക്ക് യുപിഐ ആപ്പ് ഉപയോഗിച്ച് എളുപ്പത്തിൽ പേയ്മെൻ്റുകൾ നടത്താം. അടയ്ക്കുന്ന തുക അവരുടെ ഇന്ത്യയിലെ ബാങ്ക് അക്കൗണ്ടിൽ

നിന്ന് കുറയ്ക്കും. അതിനാൽ ഇന്ത്യൻ പൗരന്മാർക്കും എൻആർഐകൾക്കും യുഎഇയിൽ യുപിഐ വഴി ഷോപ്പിംഗ് നടത്താനും സാധിക്കും. യുഎഇയിൽ യുപിഐ പേയ്മെൻ്റുകൾ ജൂലൈ ആദ്യമാണ് ആരംഭിച്ചത്. യുഎഇയിലുടനീളമുള്ള ചെറുതും വലുതുമായ നിരവധി വ്യാപാരികൾ യുപിഐ വഴിയുള്ള പേയ്മെൻ്റുകൾ സ്വീകരിക്കുന്നുമുണ്ട്. നേപ്പാൾ, ശ്രീലങ്ക, മൗറീഷ്യസ്, സിംഗപ്പൂർ, ഫ്രാൻസ്, ഭൂട്ടാൻ എന്നിവിടങ്ങളിലും UPI ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട് . യുപിഐ അടിസ്ഥാനമാക്കിയുള്ള ഇടപാടുകൾ ജൂലൈ മാസത്തിൽ 20.07 ലക്ഷം കോടി രൂപയിൽ നിന്ന് 20.64 ലക്ഷം കോടി രൂപയിലെത്തി. യുപിഐ സംവിധാനം പല രാജ്യങ്ങളും സ്വീകരിക്കുന്നതിനാൽ, കഴിഞ്ഞ മാസം ശരാശരി പ്രതിദിന ഇടപാട് 466 ദശലക്ഷമായിരുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&

## HEAD LINE – 5

## PARALYMPICS

പാരിസ് പാരലിമ്പിക്സ് 2024 ൻറെ ഉദ്ഘാടന ചടങ്ങിൽ ടോക്കിയോ പാരലിമ്പിക്സ് സ്വർണ മെഡൽ ജേതാവ് സുനിൽ അന്തിലും ഷോട്ട് പുട്ട് താരം ഭാഗ്യശ്രീ ജാദവും ഇന്ത്യൻ പതാകയേന്തും. ഈ മാസം 28 മുതൽ സെപ്റ്റംബർ 8 വരെ നടക്കുന്ന പാരലിമ്പിക്സിൽ ഇന്ത്യയിൽ നിന്നുള്ള 84 കായികതാരങ്ങളാണ് പങ്കെടുക്കുന്നത്. ഇതിൽ 47 പേർ ആദ്യമായാണ് പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&

## HEALTH- MONKEYPOX

രാജ്യത്ത് ഇതുവരെ കുരങ്ങുപനി രോഗം റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. ആഗോളതലത്തിൽ കുരങ്ങുപനി രോഗത്തെ പൊതുജനാരോഗ്യ അടിയന്തരാവസ്ഥയായി

ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിലാണ് മന്ത്രാലയം ഇക്കാര്യം അറിയിച്ചത്. ഇതുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ ഇന്ന് നടന്ന അവലോകന യോഗത്തിൽ കേന്ദ്ര ആരോഗ്യമന്ത്രി ജെ. പി. നഡ്ഡ സ്ഥിതിഗതികൾ വിലയിരുത്തി.

&&&&&&&&&&&&&&&&&&

## RAJNATH VISIT

രാജ്യ രക്ഷ മന്ത്രി രാജ്നാഥ് സിംഗിന്റെ ചെന്നൈ സന്ദർശനം നാളെ. ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ അത്യാധുനിക മാരിടൈം റെസ്ക്യൂ കോർഡിനേഷൻ സെന്റർ ,സമുദ്ര മലിനീകരണ പ്രതികരണ കേന്ദ്രം, പുതുച്ചേരിയിലെ കോസ്റ്റ് ഗാർഡ് എയർ എൻക്ലേവ് എന്നിവ അദ്ദേഹം നാളെ ഉദ്ഘാടനം ചെയ്യും. തമിഴ്നാട് മുൻമുഖ്യമന്ത്രി എം. കരുണാനിധിയുടെ ജന്മശതാബ്ദി ദിനതോടനുബന്ധിച്ചു അദ്ദേഹത്തോടുള്ള ആദരസൂചകമായി സ്മാരക നാണയവും ശ്രീ രാജ്നാഥ് സിംഗ് പുറത്തിറക്കും.

&&&&&&&&&&&&&&&&&&

## WAYANAD RELIEF FUND

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് സർക്കാർ പ്രഖ്യാപിച്ച അടിയന്തര ധനസഹായമായ പതിനായിരം രൂപ കൈമാറി. 617 പേർക്കാണ് ഇതിനകം ധനസഹായം വിതരണം ചെയ്തത്. സംസ്ഥാന ദുരന്ത നിവാരണ നിധി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി എന്നിവയിൽ നിന്നായി 12 പേർക്ക് 72 ലക്ഷം രൂപയും ധനസഹായം നൽകി.

&&&&&&&&&&&&&&&&&&

## RAIN – KERALA

കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോട്ടയം, ഇടുക്കി, കോഴിക്കോട് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത. തൃശൂർ, പാലക്കാട് ഒഴികെയുള്ള മറ്റ് 9

ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കടലാക്രമണം ശക്തമാകാൻ സാധ്യതയുള്ളതിനാൽ തീരവാസികൾ ജാഗ്രത പാലിക്കേണ്ടതാണ്. കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിനും വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&